**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5507** **15-03-2023 - ൽ മറുപടിയ്ക്ക്**

**വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി കെ പ്രശാന്ത് | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; അവയുടെ ഫോൺ നമ്പർ, മേൽവിലാസം, ഇ-മെയിൽ വിലാസം, ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പരുകൾ എന്നിവ ലഭ്യമാക്കാമോ; | (എ) | **സംസ്ഥാന മോട്ടോർ വാഹന വകുപ്പ് :-** വട്ടിയൂർക്കാവ് മണ്ഡലത്തിൽ ഗതാഗത വകുപ്പിനു കീഴിൽ ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ കാര്യാലയവും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, ദേശസാൽകൃത വിഭാഗത്തിന്റെ കാര്യാലയവുമാണ് പ്രവർത്തിക്കുന്നത്. ഇവ കുടപ്പനക്കുന്നിൽ സ്ഥിതി ചെയ്യുന്ന സിവിൽ സ്റ്റേഷനിലാണ് പ്രവർത്തിക്കുന്നത്. വിശദ വിവരം അനുബന്ധമായി (1) ചേർക്കുന്നു.<br><br>**കെ.എസ്.ആർ.ടി.സി :-** വട്ടിയൂർക്കാവ് നിയോജകമണ്ഡലത്തിൽ ഗതാഗത വകുപ്പിന് കീഴിൽ കെ.എസ്.ആർ.ടി.സി വികാസ്ഭവൻ ഡിപ്പോ, പേരൂർക്കട ഡിപ്പോ എന്നീ ഓഫീസുകൾ പ്രവർത്തിക്കുന്നു. അവയുടെ ഫോൺ നമ്പർ : വികാസ്ഭവൻ ഡിപ്പോ -0471 2301555, പേരൂർക്കട ഡിപ്പോ - 0471 2437572 മേൽവിലാസം :- അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, വികാസ്ഭവൻ, തിരുവനന്തപുരം/ അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസറുടെ കാര്യാലയം, പേരൂർക്കട, തിരുവനന്തപുരം ഇ മെയിൽ വിലാസം :- vkb@kerala.gov.in, prk@kerala.gov.in / ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ :- അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, വികാസ്ഭവൻ - 9188526715 അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ, പേരൂർക്കട - 9188526716. |
| (ബി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ അനുവദിക്കപ്പെട്ടിട്ടുള്ള സ്ഥിരം തസ്തികകൾ, അവയുടെ എണ്ണം, ഒഴിവുള്ള തസ്തികകൾ എന്നിവ വ്യക്തമാക്കാമോ; | (ബി) | **സംസ്ഥാന മോട്ടോർ വാഹന വകുപ്പ് :-** അനുബന്ധമായി (2) ചേർക്കുന്നു.<br><br>**കെ.എസ്.ആർ.ടി.സി :-** കെ.എസ്.ആർ.ടി.സി.യിൽ വിവിധ തസ്തികകളുടെ എണ്ണം കണക്കാക്കുന്നത് സംസ്ഥാന തലത്തിലാണ്. കൂടാതെ ടി ഡിപ്പോകളിൽ നിന്നും നടത്തേണ്ട ബസ് |

| | | | |
|---|---|---|---|
| | | | സർവ്വീസുകൾക്ക് ആവശ്യമായ ജീവനക്കാർ നിലവിലുണ്ട്. ആയതിനാൽ ജീവനക്കാരുടെ ഒഴിവുകൾ ഒന്നുംതന്നെ നിലവിലില്ല. |
| (സി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കരാർ/ താൽക്കാലിക/ദിവസവേതന/അന്യത്ര സേവന വ്യവസ്ഥയിൽ ജോലി ചെയ്യുന്നവരുണ്ടോ; ഉണ്ടെങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ; | (സി) | **<u>സംസ്ഥാന മോട്ടോർ വാഹന വകുപ്പ് :-</u>**<br>**ഡി.റ്റി.സി(സൗത്ത് സോൺ)** :- ഇല്ല.<br>**ആർ.ടി.ഒ(എൻ.എസ്) :-** ദിവസവേതന അടിസ്ഥാനത്തിൽ ഒരു ഡ്രൈവറെ ആർ.ടി.ഒ. എൻ.എസ്. ൽ നിയമിച്ചിട്ടുണ്ട്. ഓഫീസിൽ ഡ്രൈവർ സ്ഥിരം തസ്തിക ഇല്ല.<br>**<u>കെ.എസ്.ആർ.ടി.സി :-</u>**<br>**<u>വികാസ്ഭവൻ ഡിപ്പോ : അസ്ഥിര ജീവനക്കാർ</u>**<br>കാഷ്വൽ ലേബർ വിഭാഗം ജീവനക്കാർ - 07<br>ബസ് വാഷിംഗ് ജീവനക്കാർ - 02<br>ബദലി കണ്ടക്ടർ - 07<br>ബദലി സെയിൽസ് അസിസ്റ്റൻറ് - 13<br>ബദലി അസിസ്റ്റൻറ് - 04<br>അന്യത്ര സേവനം -ഇല്ല<br>**<u>പേരൂർക്കട ഡിപ്പോ : അസ്ഥിര ജീവനക്കാർ</u>**<br>കാഷ്വൽ ലേബർ വിഭാഗം ജീവനക്കാർ - 05<br>ബസ് വാഷിംഗ് ജീവനക്കാർ 04<br>ബദലി കണ്ടക്ടർ -13<br>ബദലി ഡ്രൈവർ -05<br>ബദലി അസിസ്റ്റൻറ് 03<br>അന്യത്ര സേവനം - ഇല്ല<br>കെ.എസ്.ആർ.ടി.സി സ്വിഫ്റ്റ് ഡ്രൈവർ കം കണ്ടക്ടർ (കരാർ) - 32 |
| (ഡി) | മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ നിന്ന് ലഭ്യമാകുന്ന സേവനങ്ങൾ, പ്രസ്തുത സേവനങ്ങൾ ലഭ്യമാകുന്നതിന് സമർപ്പിക്കേണ്ട രേഖകൾ, സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള സമയപരിധി എന്നിവ വിശദമാക്കാമോ? | (ഡി) | **<u>സംസ്ഥാന മോട്ടോർ വാഹന വകുപ്പ് :- ഡി.റ്റി.സി ( സൗത്ത് സോൺ) :-</u>** പൊതുജനങ്ങൾക്കായി രജിസ്റ്ററിംഗ് അതോറിറ്റി, ടാക്സേഷൻ ഓഫീസർ എന്നിവയുടെ അപ്പലേറ്റ് അതോറിറ്റിയായി പ്രവർത്തിക്കുന്നു. മറ്റ് പൊതുജന സേവനങ്ങളൊന്നും ലഭ്യമല്ല. രജിസ്റ്ററിംഗ് അതോറിറ്റി, ലൈസൻസിംഗ് അതോറിറ്റി, ടാക്സേഷൻ അതോറിറ്റി എന്നിവരുടെ ഉത്തരവിന്റെ അസ്സൽ പകർപ്പ്, അപ്പീലിനു വേണ്ടിയുള്ള അപേക്ഷയും സർക്കാർ |

നിശ്ചയിച്ചിരിക്കുന്ന ഫീസ് അടച്ചതിനുള്ള തെളിവും സമർപ്പിക്കേണ്ടതാണ്. പ്രത്യേക സമയപരിധി നിശ്ചയിച്ചിട്ടില്ല.

**ആർ.ടി.ഒ(എൻ.എസ്) :-** ഈ ഓഫീസിൽ നിന്നും ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച സേവനങ്ങളും കെ .എസ്.ആർ.ടി.സി യുടെ രജിസ്ട്രേഷൻ പെർമിറ്റ് സംബന്ധിച്ച സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്. ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാ സേവനങ്ങളും ഓൺലൈൻ ആക്കിയിട്ടുണ്ട്. കൂടുതൽ വ്യക്തത വേണ്ടാത്തപക്ഷം അപേക്ഷകൻ ഓഫീസിൽ വരേണ്ട കാര്യമില്ല. ലൈസൻസ്, ആർ.സി. സംബന്ധിച്ച സേവനങ്ങൾ സേവനാവകാശ നിയമപ്രകാരമുള്ള സമയപരിധിയ്ക്കുള്ളിൽ പൂർത്തിയാക്കി നൽകുന്നുണ്ട്.

**<u>കെ.എസ്.ആർ.ടി.സി:</u>**-കെ.എസ്.ആർ.ടി.സി വികാസ്ഭവൻ ഡിപ്പോ, പേരൂർക്കട ഡിപ്പോ എന്നീ ഓഫീസുകളിൽ നിന്നും ലഭ്യമാകുന്ന സേവനങ്ങൾ ആയതിന് സമർപ്പിക്കേണ്ട രേഖകൾ വിശദാംശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

**<u>വിദ്യാർത്ഥികൾക്കുള്ള കൺസഷൻ ആവശ്യമായ രേഖകൾ :</u>**

വിദ്യാഭ്യാസ സ്ഥാപനത്തിലെ മേധാവി നൽകുന്ന തിരിച്ചറിയൽ കാർഡ്

കോളേജ് വിദ്യാർത്ഥികൾക്ക് പഠന കാലയളവ് തെളിയിക്കുന്ന രേഖ

എ.പി.എൽ, ബി.പി.എൽ വിഭാഗം എന്ന് തെളിയിക്കുന്നതിനായി റേഷൻ കാർഡിന്റെ പകർപ്പ്

രക്ഷകർത്താക്കളുടെ ആദായ നികുതി ഒടുക്കുന്നത് സംബന്ധിച്ച സത്യവാങ്ങ് മൂലം.

**<u>സമയപരിധി :</u>** അപേക്ഷകളുടെ എണ്ണം അനുസരിച്ച് അപേക്ഷ സമർപ്പിക്കുന്ന അന്നു തന്നെയോ തൊട്ടടുത്ത കൺസഷൻ കൗണ്ടർ പ്രവർത്തി ദിവസമോ വിതരണം ചെയ്യുന്നതാണ്.

**<u>വിവിധതരം സൗജന്യ യാത്രാ പാസുകൾ</u>**

(എ) വിവിധതരം വൈകല്യമുള്ള വ്യക്തികൾക്ക് 21 തരത്തിൽപ്പെട്ട യാത്രാപാസ് അനുവദിക്കുന്നുണ്ട്. ആയതിലേയ്ക്ക് ആവശ്യമായ രേഖകൾ ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | 1.വിവിധതരം വൈകല്യങ്ങൾക്ക് അനുസരിച്ചുള്ള അപേക്ഷ ഫോം<br><br>2. മെഡിക്കൽ സർട്ടിഫിക്കറ്റ്<br><br>3. മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ്<br><br>4. ആധാറിന്റെ പകർപ്പ്<br><br>5. Unique Disability ID Card ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പ്<br><br>6. ഒരു ഫോട്ടോ.<br><br>അംഗപരിമിതിയുള്ളവർക്ക് മേൽ പറഞ്ഞിരിക്കുന്ന രേഖകൾ കൂടാതെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. ആയതിന്റെ വാർഷിക വരുമാന പരിധി 20,000/- രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. അപേക്ഷകൾ ലഭ്യമാക്കുന്നതിൽ അപാകതകൾ ഒന്നുംതന്നെ കാണുന്നില്ല എങ്കിൽ എത്രയും വേഗം പാസ് അനുവദിക്കുന്നതാണ്.<br><br>(ബി) മാധ്യമ പ്രവർത്തകർക്ക് അക്രഡിറ്റേഷൻ ലിസ്റ്റിൽ പേര് ഉൽപ്പെടുത്തിയിരിക്കു ന്നതനുസരിച്ച് പ്രസ് പാസ് അനുവദിക്കുന്നുണ്ട്. ആയതിലേയ്ക്കായി അക്രഡിറ്റേഷൻ കാർഡിന്റെ പകർപ്പ്, പഴയ പാസ് എന്നിവ ലഭ്യമാക്കുന്നതനുസരിച്ച് പാസ് അനുവദിച്ച് നൽകുന്നുണ്ട്.<br><br>സമയപരിധി : ഡിപ്പോയിൽ നടപടി സ്വീകരിക്കേണ്ട അപേക്ഷകളിന്മേൽ അപേക്ഷ സമർപ്പിക്കുന്ന അന്നു തന്നെയോ തൊട്ടടുത്ത പ്രവർത്തി ദിവസമോ വിതരണം ചെയ്യുന്നതാണ്. ചീഫ് ഓഫീസിൽ നടപടി സ്വീകരിക്കേണ്ടവ പ്രസ്തുത നടപടികൾക്കു ശേഷം ഡിപ്പോയിൽ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം 1

| ഓഫീസ് | ഔദ്യോഗിക ഫോൺ നമ്പർ | മേൽ വിലാസം | ഇ-മെയിൽ വിലാസം |
|---|---|---|---|
| DTC SZ | 0471-2733336 | Office of the Deputy Transport commissioner,<br>8th Floor,<br>B-Block,<br>Civil Station,<br>Kudappanakunnu,<br>Thiruvananthapuram - 695043 | dtctvm.mvd@kerala.gov.in |
| RTO NS | 0471 – 2731339 | Regional Transport Office,<br>Nationalised Sector,<br>Civil Station,<br>Kudappanakunnu,<br>Thiruvananthapuram - 695043 | Kl15.mvd@kerala.gov.in |

**ജീവനക്കാരുടെ ഔദ്യോഗിക മൊബൈൽ നമ്പർ**

| DTC SZ | RTO NS |
|---|---|
| DTC - 9188961961 | RTO - 8547639015 |
| Jt.RTO - 9188961962 | MVI - 9188961415 |
| MVI - 9188961963 | AMVI - 9188961715 |
| AMVI - 9188961964 | AMVI - 9188961598 |

# അനുബന്ധം 2

## സംസ്ഥാന മോട്ടോർ വാഹന വകുപ്പ്

## REGIONAL TRANSPORT OFFICE, NATIONALISED SECTOR

| DESIGNATION | PRESENT STRENGTH | VACANCY |
|---|---|---|
| RTO | 1 | 0 |
| SENIOR SUPERINTENDENT | 1 | 0 |
| JUNIOR SUPERINTENDENT | 1 | 0 |
| HEAD ACCOUNTANT | 1 | 0 |
| MOTOR VEHICLES INSPECTOR | 1 | 0 |
| ASSISTANT MOTOR VEHICLES INSPECTOR | 2 | 0 |
| CLERK | 9 | 0 |
| OFFICE ATTENDANT | 2 | 0 |
| PART TIME SWEEPER | 1 | 0 |
| TYPIST | 1 | 0 |

## DEPUTY TRANSPORT COMMISSIONER OFFICE, SOUTH ZONE

| DESIGNATION | PRESENT STRENGTH | VACANCY |
|---|---|---|
| DTC | 1 | 0 |
| Jt.RTO | 1 | 0 |

| | | |
|---|---|---|
| SENIOR SUPERINTENDENT | 2 | 0 |
| CONFIDENTIAL ASSISTANT | 1 | 0 |
| MOTOR VEHICLES INSPECTOR | 1 | 0 |
| ASSISTANT MOTOR VEHICLES INSPECTOR | 1 | 0 |
| HA/HC | 2 | 0 |
| CLERK | 6 | 0 |
| TYPIST | 1 | 0 |
| OFFICE ATTENDANT | 2 | 0 |
| DRIVER | 3 | 0 |
| PART TIME SWEEPER | 1 | 0 |

**കെ.എസ്.ആർ.ടി.സി**

**വികാസ്ഭവൻ ഡിപ്പൊ – നിലവിലെ സ്ഥിരം തസ്തികകളും എണ്ണവും**

| | |
|---|---|
| അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ | 01 |
| ഇൻസ്പെക്ടർ | 07 |
| സ്റ്റേഷൻ മാസ്റ്റർ | 06 |
| സൂപ്രണ്ട് | 01 |

| | |
|---|---|
| അസി:ഡിപ്പോ എഞ്ചിനീയർ | 01 |
| വെഹിക്കിൾ സൂപ്പർവൈസർ | 02 |
| ചാർജ്മാൻ | 03 |
| മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ | 04 |
| കണ്ടക്ടർ | 105 |
| ഡ്രൈവർ | 85 |
| മെക്കാനിക്ക് | 33 |
| ഗാർഡ് | 02 |
| സ്റ്റോർ വിഭാഗം ജീവനക്കാർ | 03 |
| ടയർ ഇൻസ്പെക്ടർ | 02 |

**<u>പേരൂർക്കട ഡിപ്പൊ – നിലവിലെ സ്ഥിരം തസ്തികകളും , എണ്ണവും</u>**

| | |
|---|---|
| അസിസ്റ്റൻറ് ട്രാൻസ്പോർട്ട് ഓഫീസർ | 01 |
| ഇൻസ്പെക്ടർ | 03 |
| സ്റ്റേഷൻ മാസ്റ്റർ | 03 |
| സൂപ്രണ്ട് | 01 |
| അസി:ഡിപ്പോ എഞ്ചിനീയർ | 03 |
| വെഹിക്കിൾ സൂപ്പർവൈസർ | 02 |
| ചാർജ്മാൻ | 04 |
| മിനിസ്റ്റീരിയൽ വിഭാഗം ജീവനക്കാർ | 03 |
| കണ്ടക്ടർ | 117 |
| ഡ്രൈവർ | 118 |

| | |
|---|---|
| മെക്കാനിക്ക് | 36 |
| ഗാർഡ് | 01 |
| സ്റ്റോർ വിഭാഗം ജീവനക്കാർ | 02 |
| പമ്പ് ഓപ്പറേറ്റർ | 02 |
| പ്യൂൺ | 01 |